(ഇ) 1997-98 ൽ പ്രതീക്ഷിച്ച തുക 2,279.03 കോടി രൂപയും ലഭിച്ചത് 2,065.05 കോടി രൂപയുമായിരുന്നു.

1998-99-ൽ പ്രതീക്ഷിച്ച തുക 2,603.42 കോടി രൂപയാണ് ലഭിച്ച തുകയുടെ കൃത്യമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

12 (1461) സംസ്ഥാനത്തിന്റെ മുതലെടുപ്പ്

ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96-ൽ സംസ്ഥാനത്തിന്റെ മുതലെടുപ്പ് എത്രയായിരുന്നു;

(ബി) സർക്കാരിന്റെ അന്നത്തെ കടം എത്ര രൂപയായിരുന്നു;

(സി) അന്ന് മുതലെടുപ്പിന്റെ എത്ര ശതമാനമായിരുന്നു;

(ഡി) 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ഓരോന്നിലും ഗവൺമെന്റിന്റെ മുതലെടുപ്പ്. കടം എന്നിവ എത്ര വീതമായിരുന്നെന്നും മുത ലെടുപ്പിന്റെ എത്ര ശതമാനമാണ് വായ്പ കൊടുത്തിരുന്നതെന്നും എത്ര ശത മാനമാണ് പലിശ നൽകിയിരുന്നതെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) 5423.56 കോടി രൂപ

(ബി) 10668.95 കോടി രൂപ

(സി) 17.04%

(ഡി) പ്രസ്തുത വർഷങ്ങളിലെ വിശദാംശങ്ങൾ താഴെക്കാണിച്ചിരി ക്കുന്ന പ്രകാരമാണ്.

വർഷം	മുതലെടുപ്പ് (കോടിരൂപ)	കടം (കോടിരൂപ)
1996-97	6145.08	1695.30
1997-98	7118.21	2107.63
1998-99	കണക്കുകൾ ലഭിച്ചിട്ടില്ല.	

സർക്കാർ നൽകുന്ന വായ്പയും, പലിശയിനത്തിലുള്ള ചെലവും സഞ്ചിതനിധിയിൽ നിന്നാണു വഹിക്കാറുള്ളത്. അതുകൊണ്ട് വായ്പ നൽകു ന്നതും പലിശയിനത്തിലുള്ള ചെലവും മുതലെടുപ്പിന്റെ ശതമാനമായി കണ ക്കുകൂടാറില്ല.

13 (1462) സംസ്ഥാനങ്ങൾ തമ്മിൽ പണമിടപാട്

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ മറ്റേതൊക്കെ സംസ്ഥാന സർക്കാരുമാ യാണ് പണം കൊടുക്കൽ, വാങ്ങൽ നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന സർക്കാരിന് അന്യസംസ്ഥാനങ്ങളിൽനിന്നും കിട്ടാനുള്ള ആകെ തുകയെത്രയെന്നും വിവിധ സംസ്ഥാനങ്ങൾക്ക് കേരള സർക്കാർ നൽകുവാനുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഏതൊക്കെ സംസ്ഥാന ഗവൺമെന്റുകളിൽനിന്നും വായ്പ ലഭിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഒരു സംസ്ഥാനവുമായും പണം കൊടുക്കൽ വാങ്ങൽ നടത്തുന്നില്ല.

(ബി) ഉദിക്കുന്നില്ല

(സി) ഇല്ല

14 (1463) വില്പനനികുതി കുടിശ്ശിക

പ്രൊഫ. എ.വി. താമരാക്ഷൻ :

ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്പനനികുതിയിനത്തിലെ കുടിശ്ശിക തുക ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും സമയബന്ധിത പരിപാടി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ 1999 മാർച്ച് 31 വരെ എത്ര രൂപ പിരിഞ്ഞുകിട്ടി എന്ന് വെളിപ്പെടുത്തുമോ;

(ഡി) തീർപ്പാകാതെ കിടക്കുന്ന അസസ്മെന്റുകൾ തീർപ്പാക്കൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കേസുകൾ തീർപ്പാക്കി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) 31.3.1997 വരെയുള്ള കുടിശ്ശിക മുതലും പലിശയുടെ 40% ചേർത്തു അടച്ച് കുടിശ്ശിക തീർക്കാൻ കമ്പനികൾ ഒഴികെയുള്ള നികുതിദായകരെ അനുവദിക്കുന്നതാണ്. പരമാവധി പലിശ, അടച്ചുതീർക്കാനുള്ള മുതലിനു തുല്യമായി നിജപ്പെടുത്തുന്നതായിരിക്കും. അതുപ്രകാരം അംഗീകരിച്ച് പണം അടയ്ക്കുന്ന നികുതിദായകർക്ക് അവ പിന്നീട് അപ്പീലിലോ റിവിഷനിലോ കുറവുചെയ്യപ്പെട്ട് കിട്ടുകയാണെങ്കിൽകുറവ് വരുന്നതുക പലിശസഹിതം തിരിച്ച് നൽകുന്നതായിരിക്കും. ഈ പദ്ധതിയുടെ കാലാവധി 30.9.99 വരെ ആയിരിക്കും. ഇവ കൂടാതെ വില്പനനികുതി കുടിശ്ശികയ്ക്ക് പ്രൈവറ്റ് കമ്പനികളുടെ ഡയറക്ടർമാർക്ക് ബാദ്ധ്യത നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥ വില്പന നികുതി നിയമത്തിൽ ഉൾപ്പെടുത്തുന്നതാണ്.

(സി) കൃത്യമായ കണക്കു ശേഖരിച്ചുവരുന്നു.

(ഡി) എല്ലാ ജില്ലയിലും ഡെപ്യൂട്ടി കമ്മിഷണർമാർ മാസംതോറും വില്പനനികുതി ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചുകൂട്ടി ഓരോരു

LIBRARY ARCHIVES Kerala Legislative Assembly